മലയാള മനോരമ
ESTABLISHED 1888
05 July 2018

# സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർക്ക് പുരസ്കാരം

മനോരമ ലേഖകൻ




ഡോ. എൽദോ വർഗീസ്, ഡോ. അനുശ്രീ വി. നായർ

കൊച്ചി • ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐസിഎആർ) യുവശാസ്ത്രജ്ഞനുള്ള ലാൽബഹാദൂർ ശാസ്ത്രി പുരസ്കാരം (ഒരു ലക്ഷം രൂപ) കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സയന്റിസ്റ്റ് ഡോ. എൽദോ വർഗീസ്, ഡോക്ടറൽ ഗവേഷണ പ്രബന്ധത്തിനുള്ള ജവാഹർലാൽ നെഹ്റു പുരസ്കാരം (50,000 രൂപ) ടെക്നിക്കൽ അസിസ്റ്റന്റ് ഡോ. അനുശ്രീ വി. നായർ എന്നിവർക്ക്.

കാർഷിക ഗവേഷണ പരീക്ഷണങ്ങളിൽ ഉപയോഗിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഡിസൈനുകൾ വികസിപ്പിച്ചതാണ് ഡോ.എൽദോയുടെ നേട്ടം. ചെമ്മീൻ കൃഷിയിൽ ആന്റിബയോട്ടിക്കിനു ബദലായി ഉപയോഗിക്കാവുന്ന പ്രോബയോട്ടിക് ബാക്റ്റീരിയയെ വേർതിരിക്കുന്നതുമായി ബന്ധപ്പെട്ട ഗവേഷണമാണ് ഡോ. അനുശ്രീക്കു പുരസ്കാരം നേടിക്കൊടുത്തത്. ഔദ്യോഗിക ഭാഷയായ ഹിന്ദിയുടെ പ്രചാരണവുമായി ബന്ധപ്പെട്ട മികച്ച പ്രവർത്തനങ്ങൾക്കു രാജർഷി ടാൻഡൻ പുരസ്കാരവും സിഎംഎഫ്ആർഐ നേടി. കാർഷിക മേഖലയിലെ ഗവേഷണ മികവിനുള്ള റാഫി അഹ്മദ് കിദ്വായ് പുരസ്കാരം (അഞ്ചു ലക്ഷം രൂപ) സീനിയർ സയന്റിസ്റ്റ് ഡോ. കാജൽ ചക്രവർത്തി നേരത്തേ കരസ്ഥമാക്കിയിരുന്നു.